# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

21-01-2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1648

## കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് നൽകി വരുന്ന സൗജന്യ വൈദ്യുതി പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) കർഷകർക്ക് നൽകി വരുന്ന സൗജന്യ വൈദ്യുതി പദ്ധതി നിർത്തലാക്കുവാൻ കൃഷി വകുപ്പിന്റെ ആലോചനയിലില്ല. |
| (ബി) നിലവിൽ സൗജന്യ നിരക്കിൽ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ പുതുക്കിയ അപേക്ഷാഫോറം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; പുതുക്കിയ അപേക്ഷാ ഫോറം നൽകണ മെന്ന നിർദ്ദേശം നൽകാനുണ്ടായ സാഹചര്യം എന്താണ്; വിശദമാക്കാമോ? | (ബി) സംസ്ഥാനതലത്തിൽ അത്തരത്തിലുള്ള നിർദ്ദേശം ഒന്നും തന്നെ കൃഷിവകുപ്പ് നൽകിയിട്ടില്ല. എന്നാൽ സൗജന്യ വൈദ്യുതി പദ്ധതി സംബന്ധിച്ച് കാലാകാലങ്ങളിൽ പരിശോധന നടത്തുന്നതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുമായുള്ള പ്രാദേശികമായ നടപടികൾ കൃഷിവകുപ്പും വൈദ്യുതി വകുപ്പും സ്വീകരിക്കുന്നുണ്ട്. പുതുതായി പദ്ധതി ആനുകൂല്യം നേടുന്നതിനായി മാത്രം ഗുണഭോക്താക്കൾ അപേക്ഷ നൽകിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ